# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4002 24.08.2017 -ലെ മറുപടി

## കിച്ചേരി കടവ് പാലത്തിന്റെ നിർമ്മാണം

**ചോദ്യം**

ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ

(എ) മിഷൻ 2010-ൽ ഉൾപ്പെടുത്തി ഭരണാനുമതി (G.O.(Rt)775/10/WRD/ Dated 5.07.10) ലഭിച്ച ചെന്നിത്തലയേയും ചെട്ടികുളങ്ങരയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കിച്ചേരി കടവ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

**മറുപടി**

മാത്യു.ടി തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ) 5.07.10 -ലെ സ.ഉ(ആർ.റ്റി)നം.775/10/ജവിവ പ്രകാരം താഴെ പറയുന്ന 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി.

1.കീച്ചേരിക്കടവ് പാലം. - 55 ലക്ഷം രൂപ.
2.കരിപ്പുഴ തോട്ടിൽ പാലവും അപ്രോച്ച് റോഡും - 23.30 ലക്ഷം
3. ചേരക്കര തോട്ടിൽ ക്രോസ് ബാർ കം ബ്രിഡ്ജ് — 27.90 ലക്ഷം

ആകെ 1,06,20,000 രൂപയാണ് ടി പ്രവൃത്തികൾക്ക് വകയിരുത്തിയിരുന്നത്. ഈ തുക ആലപ്പുഴ, പിഡബ്ല്യുഡി റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഷെഡ്യൂൾ റിവിഷനും എസ്റ്റിമേറ്റിലുണ്ടായ ഭേദഗതിയും പ്രകാരം കീച്ചേരിക്കടവ് പാലത്തിന്റെ അടങ്കൽ തുകയിൽ ഗണ്യമായ വർദ്ധനവുണ്ടായി. അടങ്കൽ തുകയിൽ വന്ന വർദ്ധനവു കൊണ്ടും ഫണ്ടിന്റെ അഭാവം കൊണ്ടും പ്രവൃത്തി നടപ്പിലാക്കുവാൻ സാധിച്ചില്ല.

(ബി) ഇൻവെസ്റ്റിഗേഷൻ നടത്തി, ഡിസൈൻ ലഭ്യമാക്കിയതിനുശേഷം ഡിപിആർ (DPR) തയ്യാറാക്കി അംഗീകാരം നൽകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിയ്ക്കുവാൻ കഴിയും.

സെക്ഷൻ ഓഫീസർ